**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3797** **27-06-2024 - ൽ മറുപടിയ്ക്ക്**

**ജി. വി. രാജ സ്കൂളിലെ ഫുട്ബോൾ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മൈലം ജി.വി. രാജ സ്പോർട്സ് സ്കൂളിലെ ഫുട്ബോൾ പരിശീലനം കേരള ബ്ലാസ്റ്റേഴ്സിനെ ഏൽപ്പിക്കാനുള്ള സാഹചര്യം വ്യക്തമാക്കുമോ; | (എ) | അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളിൽ ഉന്നത നിലവാരമുള്ള ഫുട്ബോൾ അക്കാദമികൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സ്പോർട്സ് കേരള എലൈറ്റ് ഫുട്ബോൾ അക്കാദമി. ജിവി രാജ സ്പോർട്സ് സ്കൂളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ടെണ്ടർ ക്ഷണിക്കുകയും കേരള ബ്ലാസ്റ്റേഴ്സിനെ (മാഗ്നം സ്പോർട്സ് പ്രൈവറ്റ് ലിമിറ്റഡ്) തിരഞ്ഞെടുക്കുകയുമാണുണ്ടായത്. അക്കാദമിയിലെ കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് ഒരു വർഷത്തേക്ക് 58,35,100/- രൂപയുടെ (ജി.എസ്.ടി ഉൾപ്പെടെ) കരാറാണ് കേരള ബ്ലാസ്റ്റേഴ്സുമായി ഒപ്പുവെച്ചത്. അക്കാദമി ഡയറക്ടർ ഉൾപ്പെടെ അഞ്ച് പരിശീലകർ, ടീം മാനേജർ, ഫിറ്റ്നസ് ട്രെയിനർ, കിറ്റ് മാനേജർ എന്നിവരുടെ സേവനമാണ് കരാർ പ്രകാരം കേരള ബ്ലാസ്റ്റേഴ്സ് ലഭ്യമാക്കിയത്. |
| (ബി) | കേരള ബ്ലാസ്റ്റേഴ്സുമായി സാമ്പത്തികം ഉൾപ്പെടെയുള്ള കരാർ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ; | (ബി) | അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളിൽ ഉന്നത നിലവാരമുള്ള ഫുട്ബോൾ അക്കാദമികൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സ്പോർട്സ് കേരള എലൈറ്റ് ഫുട്ബോൾ അക്കാദമി. ജിവി രാജ സ്പോർട്സ് സ്കൂളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ടെണ്ടർ ക്ഷണിക്കുകയും കേരള ബ്ലാസ്റ്റേഴ്സിനെ (മാഗ്നം സ്പോർട്സ് പ്രൈവറ്റ് ലിമിറ്റഡ്) തിരഞ്ഞെടുക്കുകയുമാണുണ്ടായത്. അക്കാദമിയിലെ കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് ഒരു |

| | | | |
|---|---|---|---|
| | | | വർഷത്തേക്ക് 58,35,100/- രൂപയുടെ (ജി.എസ്.ടി ഉൾപ്പെടെ) കരാറാണ് കേരള ബ്ലാസ്റ്റേഴ്സുമായി ഒപ്പുവെച്ചത്. അക്കാദമി ഡയറക്ടർ ഉൾപ്പെടെ അഞ്ച് പരിശീലകർ, ടീം മാനേജർ, ഫിറ്റ്നസ് ട്രെയിനർ, കിറ്റ് മാനേജർ എന്നിവരുടെ സേവനമാണ് കരാർ പ്രകാരം കേരള ബ്ലാസ്റ്റേഴ്സ് ലഭ്യമാക്കിയത്. |
| (സി) | നിലവിൽ ജീ.വി.രാജയിലെ ഫുട്ബോൾ പരിശീലനം കേരള ബ്ലാസ്റ്റേഴ്സ് മുഖേന തന്നെയാണോ നിർവഹിക്കപ്പെടുന്നത്; അല്ലെങ്കിൽ അതിനായി മറ്റേതെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോ; | (സി) | നിലവിൽ ജിവി രാജ സ്പോർട്സ് സ്കൂളിൽ കേരള ബ്ലാസ്റ്റേഴ്സ് ഫുട്ബോൾ പരിശീലനം നൽകുന്നില്ല. സ്കൂളിലെ ഫുട്ബോൾ പരിശീലനം ഇറ്റാലിയൻ സിരീ എ ക്ലബായ എസി മിലാന്റെ കേരളത്തിലെ പാർട്ണറായ കാലിക്കറ്റ് സ്പോർട്സ് സിറ്റി LLP യെ (എസി മിലാൻ അക്കാദമി കേരള) ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഡി) | കേരള ബ്ലാസ്റ്റേഴ്സ് നടത്തിവന്നിരുന്ന ഫുട്ബോൾ പരിശീലനം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ഡി) | കായികയുവജനകാര്യാലയത്തിന് കീഴിൽ ആരംഭിച്ച സ്പോർട്സ് കേരള എലൈറ്റ് ഫുട്ബോൾ അക്കാദമികളുടെ ഒരു വർഷത്തെ പ്രവർത്തനം വിലയിരുത്തുന്നതിന് ഒരു സമിതി രൂപീകരിക്കുകയും കേരള ബ്ലാസ്റ്റേഴ്സിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരള ബ്ലാസ്റ്റേഴ്സിന്റെ ഒരു വർഷത്തെ പ്രവർത്തനം വിലയിരുത്തുമ്പോൾ അക്കാദമിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർണ്ണമായി ഫലവത്താക്കുന്നതിൽ വിജയിച്ചിട്ടില്ലെന്നാണ് സമിതി റിപ്പോർട്ട് ചെയ്തത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള ബ്ലാസ്റ്റേഴ്സിന്റെ പരിശീലനം നിർത്തിവെച്ചിരിക്കുകയാണ്. |
| (ഇ) | മൈലം ജി. വി. രാജ സ്പോർട്സ് സ്കൂളിലെ ഫുട്ബോൾ പരിശീലനം മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച എം.ഒ.യു. ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ; | (ഇ) | ഉണ്ട്.<br><br>തിരുവനന്തപുരം ജിവി രാജ സ്പോർട്സ് സ്കൂളിലെ ഫുട്ബോൾ പരിശീലനം ഇറ്റാലിയൻ സിരീ എ ക്ലബായ എസി മിലാന്റെ കേരളത്തിലെ പാർട്ണറായ കാലിക്കറ്റ് സ്പോർട്സ് സിറ്റി LLP യെ (എസി മിലാൻ അക്കാദമി കേരള) ചുമതലപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്. ഇതിനായുള്ള കരട് MoU തയാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതിയാകുന്ന മുറയ്ക്ക് എം.ഓ.യു ഒപ്പുവച്ച് പദ്ധതി ആരംഭിക്കുന്നതാണ്. |
| (എഫ്) | കായിക വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ മറ്റെവിടെയെല്ലാമാണ് ഫുട്ബോൾ പരിശീലനം നടത്തിവരുന്നതെന്ന് അറിയിക്കുമോ? | (എഫ്) | കായികയുവജനകാര്യാലയത്തിന് കീഴിൽ കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലാണ് ഫുട്ബോൾ പരിശീലനം നടത്തി വരുന്നത്. 140 നിയോജക മണ്ഡലങ്ങളിലും കുട്ടികൾക്ക് ഫുഡ്ബോൾ പരിശീലനം നൽകാൻ |

| | | | |
|---|---|---|---|
| | | | ഗോൾ പദ്ധതിയ്ക്ക് കേന്ദ്രങ്ങൾ നിശ്ചയിച്ച്, തുടർ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ